കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലാർക്കായി സേവനം അനുഷ്ഠിക്കവെ മരണമടഞ്ഞ വി.എൽ. സുനികുമാരിയുടെ ചികിത്സാ ചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം.3345/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 13.11.2015.

=====================================================================

പരാമർശം:- 1) തിരുവനന്തപുരം നഗരസഭയുടെ 08.06.2015-ലെ 3എ(39)GE1/78878/14 നമ്പർ കൗൺസിൽ തീരുമാനം.
2) തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 17.09.2015-ലെ GE1/78878/15-ാം നമ്പർ കത്ത്.
3) നഗരസഭാ ഡയറക്ടറുടെ 09.10.2015-ലെ ഡിസി.1-3131/15 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലാർക്കായി സേവനം അനുഷ്ഠിക്കവേ മരണമടഞ്ഞ വി.എൽ. സുനികുമാരിയുടെ ചികിത്സ നടത്തിയ വകയിൽ ചെലവായ 33,488/- രൂപ റീ ഇംബേഴ്സ് ചെയ്യുന്നതിന് അപേക്ഷിച്ചിരിക്കുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് 33,488/- രൂപ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനത്തിൽ അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിൽ സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിക്കവേ മരണമടഞ്ഞ

വി.എൽ. സുനികുമാരിയ്ക്ക് കാൻസർ സംബന്ധമായ അസുഖത്തിന് ആർ.സി.സി.യിൽ ചെലവായ തുകയിൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് അർഹതയുണ്ടെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ 33,488/- രൂപ (മുപ്പത്തിമൂവായിരത്തി നാന്നൂറ്റി എൺപത്തിയെട്ടു രൂപ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ പരിശോധിച്ച് ഉറപ്പു വരുത്തിക്കൊള്ളണമെന്ന വ്യവസ്ഥയിലും ടി തുക തിരുവനന്തപുരം നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന വ്യവസ്ഥയിലും കേരള സംസ്ഥാന എംപ്ലോയീസ് മെഡിക്കൽ അറ്റന്റൻസ് റൂൾസ് 1960 പ്രകാരം റീ ഇംബേഴ്സ് ചെയ്യുന്നതിന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ശ്രീമതി. വി.എൽ. സുനികുമാരിയുടെ ആശ്രിതർക്ക്
(നഗരകാര്യ ഡയറക്ടർ മുഖേന)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**